
# ഇലമൊഴി



ലിറ്റിൽ കൈറ്റ്സ്

ജി എച്ച് എസ് എസ് കടിക്കാട്

ഡിജിറ്റൽ മാഗസിൻ 2024



വാ മൊഴിക്കും വര മൊഴിക്കും ശേഷം
ഇത് ഇ മൊഴി അഥവാ ഇലക്ട്രോണിക്
മൊഴിയുടെ കാലം......
ഇൻഫർമേഷൻ ടെക്നോളജിയും ആർടിഫിഷ്യൽ
ഇന്റലിജൻസും അരങ്ങ് വാഴുന്ന ടീച്ചബ്ൾ മെഷീനുകളുടെ
കാലം.......
സാങ്കേതിക രംഗത്തെ "ഇല"ക്ട്രോണിക്ക് വിപ്ലവങ്ങൾക്കിടയിലും
പ്രകൃതിയുടെ "ഇല"പച്ചയെ
ഓർത്തുകൊണ്ടിരിക്കുകയെന്നതാണ് "ഇലമൊഴി" മുന്നോട്ടു
വെക്കുന്ന ആശയം.
മാനുഷിക മൂല്യങ്ങളുടെ തുടർച്ച ആഗ്രഹിക്കുന്ന
സുമനസ്സുകൾക്കു മുന്നിൽ ഞങ്ങളിത്
സമർപ്പിക്കുന്നു.....



പ്രധാനാധ്യാപിക
ശ്രീമതി സുധ എൻ കെ

കടിക്കാട് ഗവർമെന്റ് ഹയർസെക്കന്ററി സ്കൂൾ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ തയ്യാറാക്കുന്ന "ഇലമൊഴി" ഡിജിറ്റൽ മാഗസിന് എല്ലാ ആശംസകളും നേരുന്നു. വിദ്യാർത്ഥികളുടെ സർഗശേഷികളെ ഉണർത്തുകയും വളർത്തുകയും ചെയ്യുന്നതിന് ഇത്തരം സംരംഭങ്ങൾ ഏറെ പ്രയോജനകരമാണെന്നതിൽ സംശയമില്ല. "ഇലമൊഴി"യ്ക്കു പിന്നിൽ പ്രവർത്തിച്ച എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അഭിനന്ദനങ്ങൾ........



## പ്രിൻസിപ്പൽ ഇൻ ചാർജ്ജ്
## ശ്രീമതി രമാദേവി

ഭാഷയും ഭാഷാപരമായ പ്രവർത്തനങ്ങളും മാനവവംശത്തെ പുരോഗതിയുടെ പാതയിലേക്ക് നയിച്ച ഘടകങ്ങളായിരുന്നു. സർഗ്ഗാത്മക പ്രവർത്തനങ്ങളിലൂടെയായിരുന്നു എന്നും വിദ്യാർത്ഥികളുടെ വൈജ്ഞാനിക മേഖല വികസിച്ചു വന്നത്. അത്തരം രചനാപരമായ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദികളായിരുന്നു മാസിക, കൈയെഴുത്തുമാസിക തുടങ്ങിയവ. എന്നാൽ അനുദിനം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് മാറ്റവും അനിവാര്യമായിത്തീർന്നു. ആധുനിക സാങ്കേതികവിദ്യകൾ വികാസം പ്രാപിച്ചതോടെ സൃഷ്ടികൾ കൈയെഴുത്തിൽ നിന്നും ഡിജിറ്റൽ സങ്കേതത്തിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. മാറ്റത്തിന്റെ ഈ കാലഘട്ടത്തിൽ 2023–24 അധ്യയന വർഷം ലിറ്റിൽകൈറ്റ്സ് ഐ.ടി ക്ലബ്ബിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ എന്ന ഡിജിറ്റൽ മാസിക തയ്യാറാക്കാൻ നേതൃത്വം നൽകിയ കടിക്കാട് ഗവ. ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും സഹായം നൽകിയ അദ്ധ്യാപകർക്കും അഭിനന്ദനവും ആശംസയും അർപ്പിക്കുന്നു.



കവിത

## അമ്മ

അമ്മയല്ലോ എൻ സ്നേഹസാഗരം
അമ്മയല്ലോ എൻ പുണ്യതീർത്ഥം
അമ്മയെപ്പോല ആരുമില്ല  എൻ
മനസ്സറിയുന്നവർ  പിന്നെ...
എൻ ദുഃഖമെല്ലാം  തലോടലാൽ മാറ്റിടും

പുണ്യമാണെൻ അമ്മ
എൻ കണ്ണുകൾ  ഒന്ന് നിറഞ്ഞാലോ
ഓടിവന്നെൻ അമ്മ  കണ്ണീരൊപ്പും
അമ്മയല്ലോ എൻ സ്നേഹസാഗരം
അമ്മയല്ലോ എൻ പുണ്ണ്യതീർത്ഥം



ആദ്യശ്രീ പി എസ്
9A

## കഥ

**അനൈന്നാ പ്രകാശൻ**
**7C**



# സ്വപ്നം

ഒരു ദിവസം സന്ധ്യാസമയം കഴിഞ്ഞ സമയത്ത് ഒരു പെൺകുട്ടി ഹോസ്റ്റലിൽ നിന്ന് അവളുടെ വീട്ടലേയക്ക് വരുകയായിരുന്നു. ഒരു ചെറിയ ഇട വഴി നടന്നുവേണം വീട്ടിലേക്ക് വരുവാൻ. തൊട്ടടുത്ത വേറെ വീടുകളൊ ന്നും ഇല്ല അവളങ്ങനെ പതുകെ നടക്കുമ്പോൾ പിന്നിൽ നിന്ന് ആരോ നടന്നു മറഞ്ഞതു പോലെ ഒരു തോന്നൽ ഒന്നിലധികം തവണ അവൾക്കത് അനുഭവ പെട്ടു. നടത്തിനുവേഗത കുടി വീടിന്റെ ഗേറ്റ് തുറന്ന് വീടി നകത്തേക്കുള്ള വാതിൽ എളുപ്പത്തിൽ തുറന്നുകെയറി ചെറിയൊരു ഉൾഭയം ഉള്ളിൽ കി ടന്നതുകൊണ്ട് അതിനെമാറിക്കടക്കു വാൻ അവൾ ടി. വി ഓണാക്കി ഏതൊ രു തമിഴ്ചാന ലിൽ പ്രേതത്തിന്റെ സിനിമ.



അപ്പോഴാണ് ഗേറ്റ് അടച്ചിട്ടി ല്ല എന്ന്ത് ഓർമവന്നത്. അവൾ പറത്തേക്ക് ഇറങ്ങിഓടി വേഗത്തിൽ ഗെയ്റ്റ് അടച്ചു.പെട്ട ന്ന് ഒരു തണുത്തകാറ്റ് അവളെ തലോടി .അകത്തേയ് ക്കുള്ള വാതിൽ കയറുമ്പോൾ അവി ടെ ആരോ നിൽക്കുന്നതുപോലെ. അകത്തു കയറിയ ഉടനെ വാതിൽ അടച്ചു. ടി വി ഓഫാക്കി അവൾ പുറത്തുനിന്നുകൊണ്ട് വന്ന ഭക്ഷണം കഴിച്ചു ഉറങ്ങുവാനാ മുറിയിലേക്ക് കയറി . ഉറക്കത്തെ കാത്തു കിടന്നു. ഉറങ്ങി ഉണർന്നപോഴാണ് കണ്ടതെല്ലാം സ്വപ്നമായിരുന്നു എന്ന് മനസ്സിലായത്.

വര: അനിരുദ്ധ് എ പി

# ലഹരി എന്ന സാമൂഹ്യവിപത്ത്



**അഭിനയ ടി .വി**

**10A**

ഇന്നത്തെ സമൂഹത്തിൽ ലഹരി എന്ന പദാർത്ഥത്തിന് എത്രമേൽ വിപണിയും പ്രാധാന്യവും ഉണ്ടെന്ന് ഞാൻ പറയേണ്ടതില്ലല്ലോ? വീടുകൾ തൊട്ട് വിദ്യാലയങ്ങൾ വരെ നീളുന്ന ലഹരി എന്ന വിഷവസ്തുവിന് അടിമപ്പെട്ടവരാണ് ഇന്നത്തെ സമൂഹത്തിലെ യുവതലമുറ.

ഒരു നിമിഷത്തെ ആനന്ദത്തിനും സുഖത്തിനുവേണ്ടി അവർ നഷ്ടപ്പെടുത്തിയ ആസ്വദ്യാകരവും സന്തോഷപൂർണ്ണവും ആയ സ്വന്തം ജീവനും ജീവിതവും ആണെന്ന് അവർ തിരിച്ചറിയേണ്ട സമയം അതക്രമിച്ചിരുന്നു.

ലഹരി എന്ന വാക്ക് ചിലർക്ക് ജീവിതം തന്നെയാവാം, അങ്ങനെയുളളവർ സമൂഹത്തിലെ നന്മയുടെ പ്രതീകമാണ്. മറ്റ ചിലർക്ക് അത് മയക്കമരുന്നും,മദ്യവും ആയേക്കാം. അങ്ങനെയുള്ളവർ ആണ് സ്വന്തം ജീവനും സമൂഹത്തിനും ഭീഷണിയായി നിലവിലുള്ളത്.

ഒരു കുടുബത്തിലെ ഒരു അംഗം എങ്കിലും ലഹരി വിഷവസ്തുവിന് അടിമപ്പെവരായിക്കാം!അവർ നശിപ്പിക്കുന്നത് നല്ലൊരു കുടുബാന്തരിക്ഷവും സ്വന്തം ജീവിതവും കൂടിയാണ്.ദിനംപ്രതി പത്രങ്ങളിൽ വരുന്ന വാർത്തക്കൾ നിരവധിയാണ്,ലഹരി ഉപയോഗിച്ച് അച്ഛൻ മകളെ ഉപദ്രവിച്ചു ,ലഹരി വാങ്ങാൻ പണം കെടുക്കാത്തതിന് മകൻ അമ്മയെ ആക്രമിച്ചു മദ്യം കഴിച്ചു കൊണ്ടിരിക്കുന്നതിനിടെ വാക്കുതർക്കം ഉണ്ടായപ്പോൾ സുഹൃത്തിനെ കൊലപ്പെടുത്തി.




വര: ശിവാനി സി എസ് 6C

ഈ വാർത്തക്കളിൽ നിന്ന് മനസ്സിലാകാം 'ലഹരി' എന്ന പാദർത്ഥത്തിന് മനുഷ്യജീവിതത്തിൽ എത്ര മാത്രം പ്രാധാന്യമുണ്ടെന്ന്.

അണക്കാൻ പറ്റാത്ത തീയായി ആളിപടരുകയാണ് ലഹരി എന്ന വസ്തുവിന്റെ ദുരുപയോഗം ആ തിയിൽപ്പെട്ട് ജിവനും ജവിതവും നശിപ്പിക്കുന്ന നിരവതി ലഹരിയ്ക്കക്ക് അടിപ്പെട്ടുപോയ വ്യക്തികൾ ഇന്നത്തെ സമൂഹത്തിലുണ്ട്

സമൂഹത്തിന് ഭീക്ഷിണിയും ആക്രമണവും ജീവന് ആപത്തും ആയി തീർന്ന ലഹരി എന്ന വസ്തുവിനെ ഉപേക്ഷിക്കാൻ വിദ്യാലയങ്ങളിലും,പഞ്ചായത്തുകളിലും മറ്റു സ്ഥാപനങ്ങളിലും ലഹരി വിരുദ്ധ ബോധവൽക്കരണ ക്യാമ്പുകൾ നടത്തിവരുന്നുണ്ട്,എന്നിട്ടും ലഹരിയിലേയ്ക്ക് അടുക്കുക അല്ലാതെ അകലുന്ന വ്യക്തികൾ വളരെ കുറവാണ്.

ഇന്നത്തെ സമൂഹത്തിലെ ഈ സാഹചര്യങ്ങളിൽ നിന്നു കൊണ്ട് ഞാൻ പറയട്ടെ,

ലഹരിയെ നിർമാർജ്ജനം ചെയ്യുക എന്നത് ഉപയോഗിക്കുന്നവരുടെ മാത്രം ചുമതലയല്ല. ഉപയോഗിക്കാതെ ഇരിക്കുക എന്നത് നമ്മുടെ കൂടി ചുമതലയാണ്.

ലഹരി ഉപയോഗിക്കാതെ ഇരിക്കാനും ഉപയോഗിക്കുന്നവർ ഉപേക്ഷിക്കാനും നമുക്ക് പ്രയ്ത്നിക്കാം പ്രാവർത്തികം ആകാം! ഒരു നല്ല ലഹരി വിമുക്ത തലമുറയെ ഞാൻ ആഗ്രഹിക്കുന്നു.നല്ല ഒരു തലമുറയാവാൻ ഞാൻ ആശംസിക്കുന്നു.

കവിത




**ബീനാദാസ് പുന്നയൂർക്കുളം**

അധ്യാപിക

കെ ജി വിഭാഗം


# വാടക വീട്

മുടികൊഴിഞ്ഞു
ഉള്ളു കുറഞ്ഞ
ഈർക്കിൽ ചൂലിനും
പല്ലു കൊഴിഞ്ഞ ചിരവയ്ക്കും
വിശന്നൊട്ടിയ മനുഷ്യരുടെ വയറിനും
ഞെളുങ്ങിയ പാത്രങ്ങൾക്കുമൊപ്പം
വണ്ടിക്കുള്ളിൽ വീട്
നിശബ്ദമായി ഇരുന്നുറങ്ങി.
ഉറക്കച്ചടവോടെ
മുറ്റത്തേയ്ക്ക്
തലകുത്തി വീണു.
മാസം തികഞ്ഞപ്പോൾ
വാടക തികയാതെ
അവിടെ നിന്നും വീടിറങ്ങി
വണ്ടിയിൽ കയറി.
മറ്റൊരു വീടണയും
വരെ
യാത്ര തുടർന്നു.



കഥ

# ഓർമ്മപ്പെട്ടി

പതിവിലും നേരത്തെ അഞ്ജലി എണീറ്റു. ധൃതിയിൽ
കുട്ടികളെ സ്കൂൾബസിൽ കയറ്റാൻ തയാറാക്കാൻ നിർത്തി.
മിന്നുകുടി ഇടക്കിടെ ചോദിച്ചു കൊണ്ടിരുന്നു എന്താണമ്മേ ഞങ്ങളെ
നേരത്തെ ഒരുക്കിനിർത്തിയിരികകുന്നത്
'അതുപിന്നെ, മോളേ അമ്മ ഇന്നലെ പറഞ്ഞിരുന്നല്ലോ,അമ്മയുടെ പഴയ
സുഹൃത്തുക്കളെല്ലാം ഒരുമിച്ച് കാണാനുള്ള ദിവസം ആണ് ഇതെന്ന്"
"ശരിയാണ് അമ്മേ, ഞാനതു മറന്നു."
മിന്നുവിന്റെ കേട്ടു കേട്ടില്ല എന്ന മട്ടിൽ അജ്ഞ അകത്തേക്ക് പോയി
കുളിച്ചൊരുങ്ങി
"അമ്മേ ഞാൻ ഇറങ്ങുവാണ്."
"ശരി മോളെ"
സമയക്കുറവ് മൂലം ഇന്ന് മിന്നുക്കുട്ടിയെ ബസിൽകയറ്റാൻ കഴിയില്ല.
അഞ്ജലി ബാഗമെടുത്ത് പുറത്തേയ്ക്ക നടന്നു.
മഴമേഘങ്ങൾ അവിടവിടെ പ്രത്യക്ഷപ്പെട്ടുക്കൊണ്ടിരിന്നു.
എല്ലാവരേയും കാണാനുള്ള ആകാംഷയും, സന്തോഷവും അവളുടെ
മുഖത്ത് മിന്നിമറഞ്ഞുക്കൊണ്ടിരുന്നു . ബസ്റ്റോപ്പിൽ എത്തിയത്
അറിഞ്ഞില്ല
എന്തായാലും ചങ്ങനാശ്ശേരിയ്ക്ക് പോകേണ്ട
ബസ്സ്, സ്റ്റാന്റിൽ കിടപ്പുണ്ടായിരുന്നു. അഞ്ജലി ചാടികയറി സിറ്റിൽ
ഇരുന്നു , ബസ് യാത്രയായി. പുറമെയുള്ള കാഴ്ചകൾ കണ്ണൽ-പെട്ടില്ല.
ബാല്യകാലവും വിദ്യാലത്തിന്റെ നിറമുള്ള ഓർമകളും അവളുടെ മനസ്സിൽ
നനുനനുത്ത മഞ്ഞുപോല പെയ്തുക്കൊണ്ടിരിന്നു. ആ ഓർമകളിൽ നിന്ന്
അവളുടെ മനസിലേക്ക് സകൂൾ പെട്ടിയുടെ ചിത്രം തെളിഞ്ഞുവന്നു
... അന്ന് ആതിരയുടെ കൈയ്യിലാണ് ഒരു സകൂൾ പെട്ടി
ആദ്യ മായി കണ്ടത് വിസ്മയത്തോടെയാണ് എല്ലാവരും അത് നോക്കി
കണ്ടത്. അതിനുള്ളിൽ മനോഹരമായി അുക്കിവച്ചിരിക്കുന്നു. കൂടാതെ
പെൻസിൽ ബോക്സ്,ചോറ്റുപാറ്റുപാത്രത്തിന്റെ എല്ലാം ഉൾക്കൊള്ളാൻ
പറ്റിയ ആ പെട്ടിയെ ഒന്നു തൊട്ടുനോക്കുവാൻ എല്ലാ കുട്ടികളും
എ്ല്ലാക്കുട്ടികളും കൊതിച്ചു. പക്ഷെ അവൾ അത് കൈയ്യിൽ വെച്ച് തന്റെ
കൈകൊണ്ട് പൊതിഞ്ഞുപിടിച്ചിരിക്കുകയായിരുന്നു അന്ന്
നാലുമണിയുടെ കൂട്ടബെല്ല് ഒന്ന് വേഗം അടിച്ചിരുന്നെങ്കിലെന്ന് അഞ്ജലി
പ്രാർത്ഥിച്ചുക്കൊണ്ടിരുന്നു.
" എന്തായാലും ഇതുപോലൊരു പെട്ടി വാങ്ങി
തരാൻ അമ്മയോട് പറയണം" എന്നവൾ മനസ്സിലുറപ്പിച്ചു. ബെല്ലടിച്ച
ഉടനെ വീട്ടിലേകോടി ഓടിവരുന്ന മകളെ കണ്ട് 'അമ്മ അമ്പരന്നു.
എന്തേ മോളെ ... എന്തുപറ്റി
അഞ്ജലി ഒറ്റശ്വാസത്തിൽ പെട്ടിയുടെ കഥപറഞ്ഞു
"അമ്മെ എനിക്ക് നാളെ തന്നെ സുഖുമാരേട്ടന്റെ കടയിൽ നിന്നും
അതുപോലൊരു പെട്ടി വാങ്ങിത്തരണം
മനസില്ലാമനസോടെ 'അമ്മ തല കുലുക്കി അന്ന് രാത്രി അജലി
ക്ക് ഉറക്കം വന്നില്ല തിരിഞ്ഞും മറഞ്ഞും കിടന്ന അമ്മയുടെ
കഥകൾ മെല്ലെ ഉറക്കി. പ്രഭാതസുരന്റെ കിരണങ്ങൾ
ജാലകത്തിലൂടെ മെല്ലെ എത്തിയപ്പോൾ




ഷൈബി വർഗ്ഗീസ്

അധ്യാപിക
ഹൈസ്കൂൾ വിഭാഗം

അജ്ഞലി ചാടി എണീറ്റു
അടുക്കളയിലേക്ക് ഒറ്റ ഓട്ടം
അമ്മയുണ്ടാക്കിവച്ചിരിക്കുന്ന ദോശയിലേക്ക് നോക്കി
പറഞ്ഞു .
"അമ്മെ എനിക്ക് വിശപ്പില്ല,
വേഗം ഒരുങ്ങ് നമുക്ക് സുകുമാരേട്ടന്റെ കടയിൽ പോവാം.
'എന്താണ് കുട്ടി നീ പറയുന്നത്.ആപെട്ടിക്ക്ഒരുപാട്
കാശാക്കില്ലേ'?
കുറച്ചു ദിവസം കൂടി കഴിഞ്ഞിട്ട് നിനക്കത് വാങ്ങിതരാം"
"പറ്റില്ല അമ്മേ"
അഞ്ജലി വാശിപിടിച്ച് കരയാൻ തുടങ്ങി.
"നീ സമാധാനപ്പെട് കുട്ടി , ഞാൻ നോക്കട്ടെ".



അമ്മ ദ്രവിച്ച് തുടങ്ങിയ അലമാര തുറന്ന്
തന്റെ സമ്പാദ്യമായ 25 രൂപ എടുത്തു .
അഞ്ജലിയേയും കൂട്ടി സുകുമാരേട്ടന്റെ
കടയിലേക്ക് യാത്രയായി.അവൾക്കപ്പോൾ
എന്തെന്നില്ലാത്ത ഉത്സാഹമായിരുന്നു.
അവളുടെ കുഞ്ഞുമനസ്സ് സന്തോഷം
കൊണ്ട് തുള്ളിച്ചാടുകയായിരുന്നു.രണ്ടുപേര്പേരും
കടയിലെത്തി.
"സുകുമാരേട്ടാ.... ഈ പെട്ടിയുടെ വില എത്രയാണ് "?
" 50 രൂപ " സുകുമാരേട്ടാ നിസ്സാരമായി പറഞ്ഞു.
അമ്മയുടെ മുഖം വാദി.
"എന്റെ കൈയിൽ അത്രയും കാശില്ല"
അജ്ലി ഒന്നും മിണ്ടാതെ കൈ പുറകിൽ ചേർത്ത് കെട്ടി
ഭിത്തിയോട് ചേർന്ന് ഒരേ നിൽപ്പാണ് .
"മോളെ അമ്മയുടെ കൈയ്യിൽ അത്രയും കാശില്ല "
അജ്ലിയുടെ മുകത്തെ സന്തോഷമെല്ലാം മഞ്ഞു. വിങ്ങുന്ന
മനസ്സോടെ, നിസ്സഹായമായി പെട്ടിയിലേക്ക് നോക്കി അതു
കണ്ടിട്ടുവേണം സുകുമാരേട്ടൻ പറഞ്ഞു.
"ഈ പെട്ടി മോൾക്ക് വാങ്ങികൊടുക്ക്, കാശ് പിന്നീട് തന്നാൽ മതി
"
അജ്ലിയുടെ മുഖം വിടർന്നു . സന്തോഷം കൊണ്ട് അവളുടെ
കണ്ണുകൾ നിറഞ്ഞൊഴുകി. അമ്മയുടെയും. അവൾ സാമ്രാജ്യം
കിഴടക്കിയ
സന്തോഷത്തോടെ പെയിൽ മുറുകെ പിടിച്ചു
"ഇറങ്ങുന്നില്ലേ"
കണ്ടക്ടറുടെ ഉച്ചത്തിലുള്ള ചോദ്യം കേട്ട് അഞ്ജലി
ഓർമ്മകളിൽ നിന്നും ഞെട്ടിയുണർന്നു.
സ്കൂൾ പെട്ടിയും , അമ്മയും ഭൂമിയുടെ
ആകർഷണ വലയം ഭേദിച്ചുകൊണ്ടേ അജ്ഞാതലോകത്തേയ്ക്ക്
മറഞ്ഞു.

# എന്റെ നാട്

## ഇന്ത്യ

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമാണ് ഇന്ത്യ.  ഏഷ്യ ഭൂഖണ്ഡത്തിലാണ് നമ്മുടെ രാജ്യം സ്ഥിതിചെയുന്നത്. ഇന്ത്യ ഹിന്ദുസ്ഥാൻ എന്നും ഭാരതം എന്നും അറിയപ്പെടുന്നു. നാനാത്വത്തിൽ ഏകത്വമാണ് ഇന്ത്യയുടെ ഏറ്റവും വലിയ പ്രത്യേകത.
വിസ്തൃതിയിൽ ലോകത്തിലെ ഏഴമത്തെ വലിയരാജ്യവും ജനസംഖ്യയുടെ കാര്യത്തിൽ ഒന്നാമത്തെരാജ്യമാണ് ഇന്ത്യ. 1947 ഓഗസ്റ്റ് 15ന് ബ്രിട്ടീഷ് ഭരണത്തിൽ നിന്ന് ഇന്ത്യ സ്വാതന്ത്ര്യം ലഭിച്ചു.  ഇന്ത്യയിൽ 28 സംസ്ഥാനങ്ങളും 8 കേന്ദ്രഭരണ പ്രദേശങ്ങളുമുണ്ട്. 1950 ജനുവരി 26 ന് ആണ് ഇന്ത്യ റിപ്പബ്ലിക് ആയത്. ഹിന്ദിയാണ് ഇന്ത്യയുടെ ദേശീയ ഭാഷ. ഇന്ത്യ ഒരു മതേതര രാഷ്ട്രമാണ് വിവിധ മതങ്ങളിലും ജാതികളിലും പെട്ട ആളുകൾ സന്തോഷത്തോടെ ജീവിക്കുന്ന ഒരു നാടാണ് നമ്മുടെ ഭാരതം. മഹാത്മാഗാന്ധി, രവീന്ദ്രനാഥ് ടാഗോർ, സി. വി.രാമൻ, എ. പി. ജെ. അബ്ദുൽ കലാം തുടങ്ങിയ നിരവധി മഹാന്മാർക്ക് ജന്മം കൊടുത്ത നാടാണ് നമ്മുടെ ഇന്ത്യ. ഇന്ത്യയുടെ തനതായ സംസ്കാരങ്ങൾ ചരിത്രപരമായ പൈതൃകങ്ങൾ, സ്മാരകങ്ങൾ, പാരമ്പര്യങ്ങൾ എന്നിവ പ്രശസ്തമാണ്. ധാരാളം മലനിരകളും, തടാകങ്ങളും, നദികളും നിറഞ്ഞ ഒരു മനോഹര രാജ്യമാണ് നമ്മുടെ ഇന്ത്യ. ലോകത്തിലെ ഏഴ് അത്ഭുതങ്ങളിൽ ഒന്നായ താജ്മഹൽ ഇന്ത്യയിലാണ് സ്ഥിതി ചെയ്യുന്നത്. ഇന്ത്യയുടെ ദേശിയ പതാക ത്രിവർണ്ണ പതാക എന്നാണ് അറിയപ്പെടുന്നത്. ഇന്ത്യയുടെ ദേശിയ മൃഗം ബംഗാൾ കടുവയും ദേശീയ പക്ഷി മയിലുമാണ്.ഇന്ത്യയുടെ ദേശിയ പുഷ്പം താമരയും ഫലം മാമ്പഴവുമാണ് .നമ്മുടെ ദേശിയ ഗാനം ജനഗണമനയാണ് .രവീന്ദ്രനാഥ് ടാഗോർ ആണ് ജനഗണമന എഴുതിയത് .ഇന്ത്യൻ കറൻസി രൂപ എന്നാണ് അറിയപ്പെടുന്നത് .ഇന്ത്യയുടെ ആദ്യത്തെ പ്രധാന മന്ത്രി ജവാഹർലാൽ നെഹ്റുവും ആദ്യത്തെ രാഷ്ട്രപതി രാജേന്ദ്ര പ്രസാദും ആയിരുന്നു .ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു.ഒരു ഇൻഡ്യാക്കാരനായതിനാൽ ഞാൻ അഭിമാനിക്കുന്നു.....



# എന്റെ നാട്

## കേരളം

കേരളം "ദൈവത്തിന്റെ സ്വന്തം നാട് " എന്ന് അറിയപ്പെടുന്നു. ഇന്ത്യയുടെ തെക്ക് പടിഞ്ഞാറുഭാഗത്തുള്ള ഒരു സംസ്ഥാനമാണ് കേരളം 1956 നവംബർ 1 ആണ് കേരളം രൂപീകരിച്ചത്. മലയാളം ഏറ്റവും കൂടുതൽ സംസാരിക്കുന്ന നാടാണ് കേരളം. കൂടാതെ കേരളത്തിന്റെ ഔദ്യോഗികഭാഷ കൂടിയാണ്. കേരളത്തിലെ 14 ജില്ലകളായി തിരിച്ചിരിക്കുന്നു തലസ്ഥാനം തിരുവനന്തപ്പൂരമാണ് തൃശ്ശൂർപ്പൂരവും ഓണവും കേരളത്തിന്റെ പ്രേദനഉത്സവമാണ്. കേരളത്തിലെ പ്രദാന നൃത്തരൂപങ്ങൾ കഥകളി മോഹിനിയാട്ടം എന്നിവയാണ്. കേരളത്തിന്റെ ഔദ്യോഗിക മൃഗമാണ് ആന. ഇന്ത്യയിലെ ഏറ്റവും പ്രശസ്തമായ സ്ഥലമാണ് കേരളം. പ്രകൃതിബങ്കി നിറഞ്ഞ സംസ്ഥാനം തെങ്ങുകളുടെ നാട് എന്ന് കേരളം അറിയപ്പെടുന്നു. മലയാളം സുംസരിക്കുന്ന പ്രദേശങ്ങൾ സംയോജിപ്പിച്ചാണ് കേരളം രൂപീകരിച്ചത്. മോനാഹരമായ ബീച്ചുകളും അതിന്റെ കായലുകളും കാരണം കേരളത്തെ ദൈവത്തിന്റെ നാട് എന്നും വിളിക്കാറുണ്ട്. ഇന്ത്യയിലെ ഏറ്റവും വൃത്തിയുള്ള സമസ്ഥനങ്ങളിലൊന്നാണ് കേരളം.കേരളത്തിൽ 94% സാക്ഷരതയുണ്ട്. ആധുനിക കേരളം 14 ജില്ലകൾ ആയിട്ട് തിരുവനന്തപുരം തലസ്ഥാനവും ആണ് ഇന്ത്യയിൽ ആദ്യമായി സംസ്ഥാനമാണ്

കേരളം. ഏറ്റവും കൂടുതൽ സ്വർണം ഉപയോഗിക്കുന്നത്കേരളമാണ്. കേരളം 560 കിലോമീറ്റർ ദൂരത്തിൽ വ്യാപിച്ചു കിടക്കുന്നു  വീതി 120 കിലോമിറ്റർ മാത്രം  കേരളസംസ്ഥാനം രൂപികൃതമായതിന്റ  ഓർമക്കായാണ് എല്ലാവർഷവും നവംബർ ഒന്നിന് നാം കേരള പിറവി ആഘോഷിക്കുന്നത്.ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിച്ച്  9  വർഷം കഴിഞ്ഞപ്പോഴാണ് കേരള സംസ്ഥാന രൂപം കോണ്ടത്.തിരുവനന്തപുരം,കൊല്ലം,കോട്ടയം,തൃശ്ശൂർ,മലബാർ തുടങ്ങിയ അഞ്ചു ജില്ലകളാണ് 1956-ൽ കേരളം രൂപീകരിക്കപ്പെട്ടപ്പോൾ ഉണ്ടായിരുന്നത് കേരളത്തിലെ ഏറ്റവും വലിയ ജില്ല പാലക്കാട് ഏറ്റവും ചെറുത് ആലപ്പുഴയാണ്.ഈ ദിവസം തന്നെയാണ് മലയാളഭാഷദിനം ആചരിക്കുന്നത്.

പച്ചപ്പ് നിറഞ്ഞ പാടങ്ങളും,പർവതശിഖരങ്ങളും,നദികളും,കാട്ടുകളും ,മല കളും,വെള്ളച്ചാട്ടങ്ങളും ആണ്. നമ്മുടെ കേരളത്തെ മനോഹരമാകുന്നത് ഈ നാട് നമ്മുടെ സംസ്ഥാനമായതിൽ നമുക്കെല്ലാവർക്കും അഭിമാനിക്കാം.....



# എന്റെ നാട്

## മലപ്പുറം

മലപ്പുറം ജില്ലാ രൂപീകരിച്ചത് 1969 ജൂൺ 16നാണ്. കേരളത്തിൽ ഏറ്റവും അധികം നഗരസഭകൾ ഉള്ള ജില്ലാ മലപ്പുറമാണ്. കേരളത്തിൽ ജനസംഖ്യ ഏറ്റവും കൂടിയ ഗ്രാമപഞ്ചായത്ത് മലപ്പുറം ജില്ലയിലെ താനൂരിൽ ആണ്. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രവാസികൾ ഉള്ള ജില്ലാ മലപ്പുറമാണ്. കാടാമ്പുഴ ക്ഷേത്രം , തൃപ്രങ്ങോട് ശിവക്ഷേത്ര്യം , നവാമുകുന്ദ ക്ഷേത്രം , കേരളാധീശ്വര പുരം ക്ഷേത്രം എന്നിവ സ്ഥിതി ചെയ്യുന്നത് മലപ്പുറം ജില്ലയിലാണ്. കേരളത്തിൽ ഏറ്റവും സ്കൂളുകൾ ഉള്ള ജില്ല മലപ്പുറമാണ്. ഇ. എം.എസ്.നമ്പൂതിരിപ്പാട് ജനിച്ച സ്ഥലം മലപ്പുറം ജില്ലയിലെ ഏലം കുളം മനയിലാണ്.മലപ്പുറം ജില്ലയിലെ നിലമ്പൂരിൽ ആണ് ലോകത്തിലെ ഏറ്റവും പഴക്കം ചെന്ന തേക്കിൻ തോട്ടം സ്ഥിതി ചെയ്യുന്നത് വിദേശ പണം ഏറ്റവുമധികം ഒഴുകിയെത്തുന്ന ജില്ല മലപ്പുറമാണ്. തുഞ്ചൻ സ്മാരകം സ്ഥിതിചെയ്യുന്നത് മലപ്പുറം ജില്ലയിലെ തിരൂരിലാണ്. കേരളത്തിലെ ചെറിയ മെക്ക എന്നറിയപ്പെടുന്ന സ്ഥലം മലപ്പുറം ജില്ലയിലെ പൊന്നാനിയിലാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ ജനസംഖ്യ ഉള്ള ജില്ലാ മലപ്പുറമാണ്.മലപ്പുറം ജില്ലയിലെ 16 നിയമമണ്ഡലങ്ങളുണ്ട്. മലയും കുന്നും ഉള്ളതുകൊണ്ടാണ് ഈ ജില്ലക്ക് മലപ്പുറം എന്ന പേര് ലഭിച്ചത്. പ്രശസ്ത സാഹിത്യകാരൻ ഒ.വി വിജയന്റെ നാട് മലപ്പുറം ജില്ലയിലെ കോട്ടക്കൽ ആണ്. അക്ഷയ കേന്ദ്രം ആദ്യമായി ആരംഭിച്ച ജില്ല മലപ്പുറമാണ്. ചാലിയാർ പുഴ, കടലുണ്ടി പുഴ, ഭാരത പുഴ, തിരൂർ പുഴ എന്നിവയാണ് മലപ്പുറം ജില്ലയിലൂടെ ഒഴുകുന്ന നദികൾ. കേരളത്തിലെ ഏക ആയുർവേദ മാനസിക ആശുപത്രി മലപ്പുറം ജില്ലയിലെ കോട്ടാക്കലാണ്. പ്രാചീന കാലത്ത് കേരളത്തിലെ ഏറ്റവും വലിയ ആഘോഷമായ മാമാങ്കം നടന്നത് മലപ്പുറം ജില്ലയിലെ തിരുനാവായയിലാണ്........





**തയ്യാറാക്കിയത് :**

**മുൻജിദ് ബിൻ ഹംദ്**
**8D**

കവിത

# പ്രകൃതിയും നമ്മളും



ഒരു കൊച്ചു പൂവിൻ മടിയിലായ് നിന്നൊരു
കൊച്ചു തുമ്പിയെ കണ്ടുവോ ഞാൻ.
അതിനുള്ളിലായിരം മധുരമൊഴുക്കുമാ -
ഷഡ്പദം നുകരുമാ തേൻത്തുള്ളികൾ.

അമ്മയാകുന്നൊരാ പ്രകൃതിതൻ ലോകത്ത്
എത്ര മനോജ്ഞമാം നമ്മളുണ്ട്.
ഫലവും ജലവും തരുന്നൊരാ പ്രകൃതിയെ
നമ്മളെന്നുമേ ആരാധിക്കണമെത്ര. . .

എത്രയെത്ര കൊലകൾക്ക് സാക്ഷിയായ്
ഈ പ്രകൃതിയാകുന്നൊരാ അമ്മയെന്നും .
ഇനിയുമെത്ര കൊലകൾക്ക് സാക്ഷിയാകേണി
വരുമീ നമ്മുടെ പ്രകൃതിയായും ഭൂമിയെന്നും.

ഇനിയുമൊരു ജന്മം ഈ പ്രകൃതിയിൽ
ലഭിച്ചെങ്കിൽ എൻ മനം എന്നും
എന്തിനും സാക്ഷിയായ് മാറുമീ
പ്രകൃതിയിൽ ഇനിയും കാലങ്ങളോളം . . . !



ഭദ്രേന്ദു ടി പി
8A

കവിത

# അമ്മക്കിളി



അനാമിക വി എസ്
9C

കാവേരിയുടെ തീരത്തായ്
ഒരു കൊച്ചുമരത്തിൻ ചില്ലയിലായ്
എങ്ങ് നിന്നോ പാറന്നു വന്നൊരു
കൊച്ചു പൈങ്കിളി അമ്മക്കിളി
കൂടുകൂട്ടി, കൂട്ടിൽ പൈങ്കിളി
കാത്തിരിന്നു തൻ കുഞ്ഞിനായി
രണ്ടുനാലു ദിനങ്ങൾ കടന്നുപോയ്
കുഞ്ഞിക്കിളികൾ  വിരിഞ്ഞിറങ്ങി
നിശബ്ദമായൊരാ കൂട്ടിലാകെ
കുഞ്ഞികിളികൾ തൻ നാദമായി
കണ്ടങ്ങു നിൽക്കുന്നമ്മ തൻ ചുണ്ടിൽ
പുഞ്ചിരിയൂറി ഊറിനിന്നു
രാപകലില്ലാതെ കാത്തതാണമ്മ
തൻ പ്രണനാം കുഞ്ഞു പൈതങ്ങളെ...




വര:
മുഹമ്മദ് അഫ്റസ്
8C

വിരലിൽ ഒരു നോവ്
കണ്ണിൽ ഒരു നനവ്
അറിവിന്റെ അറിവ്
നാവിലൊരു കവിത
എഴുതുന്നു പൊന്ന്
എഴുതാൻ ഒരു വാക്ക്
എഴുത്തിൻ വഴിയെ
തുടരുമീ അറിവ്



# TALE OF LORN

***In land of sorrow,***
***Where hearts are torn,***
***The Palestine was, a tale for lorn***
***Elder children, brave and strong,***
***Shield the youngest, where hope belongs***
***Dreams, once bloomed but now they fade,***
***In the midst of chaos,***
***Where shadows invade***
***Yet, within their hearts,***
***A flame still burns***
***For a brighter future their spirits yearn.***





*United, resilient, come what may*
*Through parentless, they stand as one,*
*Their love, strength, will never be undone.*
*To the people of Palestine we send our case*
*We stand by your side, always aware*
*That together we can make a change*
*Creating a world where peace will forever reign.*



***Hamna sherin***
***9D***

# ബഷീർ
## ഒരോർമ്മക്കുറിപ്പ്

മുഹമ്മദ് റസൽ 9D



മലയാള നോവലിസ്റ്റും,കഥാകൃത്തും,സ്വാതന്ത്ര്യസമര് പോരാളിയുമായിരുന്ന വൈക്കം മുഹമ്മദ് ബഷീർ. ബേപ്പൂർ സുൽത്താൻ എന്നറിയപ്പെട്ട അദ്ദേഹം 1908 ജനവരി 21 ന് തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു .
ബഷീർ ബാല്യത്തിൽ തന്നെ ഗാന്ധിയൻ ചിന്തകളിലും ആദർശങ്ങളിലും ആകൃഷ്ടനായിരുന്നു . സ്വാതന്ത്ര്യസമര രംഗത്ത് പ്രവർത്തിക്കുകയും ഉപ്പ് സത്യാഗ്രഹത്തിൽ പങ്കെടുക്കുത്ത് ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വരികയും ചെയ്തിട്ടുണ്ട്.
ലോകത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ച് നേരിട്ട് പഠിച്ച ജീവിതാനുഭവങ്ങൾ ബഷീറിന്റെ രജനകളിൽ നമ്മുക്ക് കാണാം . താൻ കണ്ടു മുട്ടിയിട്ടുള്ള കഥാപാത്രങ്ങളെ അദ്ദേഹം രജനകളിലും ആവിഷ്കരിച്ചു .
സാധാരണക്കാർക്ക് മനസ്സിലാകുന്ന ഭാഷയിലാണ് അദ്ദേഹം എഴുതിയത് .

ഹാസ്യം കൊണ്ട് വായനക്കാരെ ചിരിപ്പിക്കുകയും , കരിപ്പിക്കുകയും , ചെയ്തു . കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ രസിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ കൃതികൾ . പാത്തുമ്മയുടെ ആട് , ബാല്യകാല സഖി , പ്രേമലേഖനം , മതിലുകൾ തുടങ്ങിയവ അദ്ദേഹത്തിന്റെ പ്രധാന കൃതികൽ ചിലതാണ് . അദ്ദേഹത്തിന്റെ പ്രധാന കൃതികളെല്ലാം തന്നെ അന്യഭാഷകളിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട് .
വള്ളത്തോൾ പുരസ്കാരമടക്കം നിരവതി പുരസ്കാരങ്ങൾ നേടിയ അദ്ദേഹത്തെ 1982 ൽ ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ നൽകി ആദരിച്ചു . 1994 ജൂലൈ 5 ന് ബഷീർ ഈ ലോകത്തോട് വിട പറഞ്ഞു . ഇന്നും അദ്ദേഹത്തിന്റെ രചനകൾ പുറത്തിറങ്ങുന്നു . അതേ പുതുമയോടെത്തന്നെ വായിക്കപ്പെടുന്നു.


കൊച്ചുകഥ

വെള്ളം നിറഞ്ഞ പാടം.

മീനുകൾ കുത്തിമറിയുന്നു.

കുട്ടമീൻ മുകളിലേക്ക്

ചാടിയപ്പോൾ



ആ മൂന്നുപേരേയും കണ്ടു:

"എന്റമ്മേ...ചൂണ്ടയുമായി

ആ പിള്ളേർ  വന്നിട്ടുണ്ട്."

അവൻ കൂട്ടുകാരോട്

വിവരം പറഞ്ഞു.

എന്തെങ്കിലും ബുദ്ധി പ്രയോഗിച്ചില്ലെങ്കിൽ

പണി കിട്ടും......

ചെക്കൻമാർ ചൂണ്ടയിൽ ഇര കോർത്തു.

വെള്ളത്തിലേക്ക് സൂക്ഷിച്ചു നോക്കിയപ്പോൾ എന്തോ ഒരു നിഴൽ

കണ്ടു.

വലിയ നിഴൽ......

"അയ്യോ...! അമ്മേ...!"

അവർ നിലവിളിച്ചു: "മുത..മുതല..."

ചൂണ്ടയുമെറിഞ്ഞ്  അവർ ഓടിപ്പോയി.

കുട്ടമീനും കൂട്ടുകാരും പിരിഞ്ഞുപോയി.

അപ്പോൾ മുതലയുടെ രൂപം ഇല്ലാതായി.



റിഹാൻ 5 A

# ഒരു വയലിന്റെ നൊമ്പരം



അവന്തിക കെ എസ്
9.C

കൂട്ടുകാരെ,

എന്റെ പേര് വയൽ. ഞാൻ എന്റെ കഥ പറയും മുമ്പ് ഞാൻ ആരാണെന്ന് നിങ്ങൾക്ക് അറിയണ്ടേ?!

എനിക്ക് ഒരുപാട് പേരുകളുണ്ട്. വയൽ, പാടം, കണ്ടം എന്നൊക്കെ എന്നെ മലയാളികൾ വിളിക്കാറുണ്ടായിരുന്നു. എനിക്ക് ഒരു സമ്പദ് സമൃദ്ധിയുടെ കാലമുണ്ടായിരുന്നു. പണ്ട് കരയുടെ മുക്കാൽ ഭാഗവും ഞാനായിരുന്നു. ഇന്ന് ഞാൻ നാമമാത്രമായി അവശേഷിച്ചു. എന്നെ ആർക്കും അറിയാതായി.

അതിവിശാലമായ ഞാൻ ആയിരുന്നു നാടിന്റെത്തന്നെ അഭിമാനം. നാട്ടിൽ എത്ര കഷ്ടപ്പാടിലാണെങ്കിലും  എങ്കിലും എന്റെ അരികിൽ വന്നാൽ എല്ലാ കർഷകരും അവരുടെ സങ്കടകൾ മറന്ന് ഉത്സവപ്രതീതിയിൽ മതിമറക്കും. കൊയ്ത്തുകാലമായാൽ കൊയ്ത്തുപാട്ടുയർന്നു കേൾക്കാം. അതാണ് കൊയ്ത്തുത്സവം, അത് കർഷകരുടെ ആഘോഷമായിരുന്നു. ഞാറു നടുമ്പോൾ ഞാറ്റുപാട്ടും കട്ട ഉടക്കൽ, പുല്ലുപറി, വിത്ത് വിതയ്ക്കൽ എന്നിങ്ങനെ എന്തെല്ലാം ആഘോഷമായിരുന്നു. ആ നാട്ടിലെ എല്ലാ സങ്കടങ്ങളും സന്തോഷങ്ങളും എനിക്കറിയാമായിരുന്നു. മനുഷ്യരുടെ മാത്രമല്ല, എന്തെല്ലാം ജീവജാലങ്ങൾ എന്നിൽ വിന്യസിച്ചിരുന്നു... മത്സ്യങ്ങളും ചീവീടുകളും കുറുക്കനും തവളയും ഞണ്ടും ഞൗണിക്കയും എല്ലാം എന്റെ അഭിമാനമായിരുന്നു. രാത്രികാലങ്ങളിൽ ചീവിടിന്റെ പാട്ടിന് താളമായി മൂങ്ങയുടെ മൂളൽ കേൾക്കാമായിരുന്നു. ഞണ്ടും ഞൗണിക്കയും തിന്ന് വയറു നിറഞ്ഞാൽ മാനം നോക്കി കുറുക്കന്റെ ഓരിയിടൽ തന്നെ ഒന്നു കുളിരു കോരിക്കും. കൃഷിയെ നശിപ്പിക്കാൻ വരുന്ന പുഴുക്കളെ തിന്നാൻ നമ്മുടെ തവളച്ചേട്ടൻമാരുടെ മത്സരമായിരുന്നു. രാവിലെയാണെങ്കിൽ കതിരു കൊത്തിന്നാൻ വരുന്ന കിളികളുടെ കോലാഹലമായിരിക്കും. തത്തയും മൈനയും മീനിനെ പിടിക്കാൻ വരുന്ന പൊൻമാനും കൊക്കും അങ്ങനെ എല്ലാ ജീവജാലങ്ങളുടെ വിഹാർകേന്ദ്രമായിരുന്നു ഞാൻ. ഇടക്ക് തവളയെ പിടിക്കാൻ വരുന്ന നമ്മുടെ പാമ്പുകളെയും കാണാമായിരുന്നു. ഇവരുടെ കാഷ്ടങ്ങളും അവശിഷ്ടങ്ങളും എന്നെ കൂടുതൽ സമ്പുഷ്ടമാക്കിയിരുന്നു. എന്റെ എല്ലാ കോണിലും ഒരു നീരുറവ ഉണ്ടായിരുന്നു. കൃഷിക്കാലം കഴിഞ്ഞ ഇടവേളകളിൽ പച്ചക്കറി കൃഷി നടത്തുമ്പോൾ അതിലെ വെള്ളമായിരുന്നു കർഷകരുടെ ആശ്രയം. അങ്ങനെ ഇതെല്ലാം കണ്ട് ഞാൻ ഒരു അഹങ്കാരി ആയിത്തീർന്നിരുന്നോ? എനിക്കറിയില്ല! കാലങ്ങൾ കടന്നുപോയി. മനുഷ്യർക്ക് ആർത്തിയും അഹങ്കാരവും മത്സരവും കൂടിക്കൂടി വന്നു. അതിന്റെ ഭവിഷത്ത് ഞാൻ അനുഭവിക്കാൻ തുടങ്ങി. കൂട്ടുകാരെ, അതു പറയുമ്പോൾ എന്റെ നെഞ്ചിനകത്തൊരു വിങ്ങൽ.



ആർത്തി മൂത്ത മനുഷ്യൻ ജൈവവളങ്ങൾക്കു പകരം രാസവളം ഉപയോഗിച്ചു. അത് എന്റെ മണ്ണിലെ ഫലസമ്പുഷ്ടി കുറച്ചു. ആ സങ്കടം മാറും മുൻപേ അതാ ഒരു ഇടിവെട്ടു വെട്ടുപോലെ ട്രാക്ടറിന്റെ വരവ്. അത് എന്റെ നെഞ്ചിലൂടെ കയറിയിറങ്ങി. എന്റെ ഹൃദയം വേദനൊണ്ട് പുളഞ്ഞു. അതിന്റെ വരവോടുകൂടി കൈക്കോട്ടിന്റെ താളത്തിലുള്ള കൊത്തലും കിളക്കലും നിലച്ചു. കന്നുപൂട്ടലും നിലച്ചു. അതോടെ അവരുടെ വരുമാനവും നിലച്ചു. കൊടിയ വിശമായ കീടനാശിനി എന്റെ നെഞ്ചിലേക്ക് സ്പ്രേ ചെയ്തു. അതിന്റെ മണം എന്നെ ശ്വാസം മുട്ടിച്ചിരുന്നു. എന്നാൽ എനിക്ക് അതിനേക്കാൾ വേദനിച്ചത് എന്നിലെ മീനുകളും തവളകളും ഞൗണിക്കയുമെല്ലാം ചത്തുതുടങ്ങി. അവർക്ക് വംശനാശ ഭീഷണിയുയർത്തി. അത് എന്നെ വല്ലാതെ തളർത്തിയിരുന്നു. പുതുമഴ പെയ്യുമ്പോൾ തവളയുടെ ആഘോഷ തിമർപ്പ് കേൾക്കാതായി. ഞൗണിക്കാ പറക്കാൻ വരുന്ന ബാലികാബാലന്മാരെ കാണാതായി. എന്റെ അരികിലെ ആ കുളത്തിൽ പോലും കുളിക്കാൻ വയ്യാത്ത വിധം ആ ജലം വിഷമായി. എന്നിലേക്ക് ചാഞ്ഞ് നിന്നിരുന്ന മരങ്ങൾ മനുഷ്യന്മാരുടെ കെട്ട ബുദ്ധിയാൽ മുറിച്ചുമാറ്റപ്പെട്ടപ്പോൾ എന്നിൽ ചൂട് കൂടി. എന്നിലെ കൃഷിയും കുറഞ്ഞുതുടങ്ങി. കിളികൾ കൂടണഞ്ഞിരുന്ന മരങ്ങൾ മുറിച്ചുമാറ്റപ്പെട്ടപ്പോൾ  അവരുടെ പാട്ടുകളും നിലച്ചു. അവരുടെ കാഷ്ഠങ്ങൾ എനിക്ക് കിട്ടാതെ വന്നപ്പോൾ എന്റെ മണ്ണിലെ ഫലഭൂഷ്ടിയും കുറഞ്ഞു. അതും കൃഷിയെ ബാധിച്ചു.  തവളയും ഞണ്ടും ഞൗണിക്കയും ഇല്ലാത്ത പാടത്ത് പാമ്പും ഒന്നും വരാതായി. എന്റെ സങ്കടവും കൂടിക്കൂടിവന്നു. കൃഷി മോശമായപ്പോൾ അവർ എന്നെ വെറുത്തുതുടങ്ങി. ദുഷ്ടരായ മനുഷ്യർ ആദ്യം എന്റെ നീരുറവയായ കുളം കട്ടയും കല്ലുമിട്ട് തൂർത്തു. ദാഹം കൊണ്ട് എന്റെ തൊണ്ട വരളുന്നത് ദുഷ്ടമനുഷ്യർ കണ്ടില്ല. കാലങ്ങൾ കടന്നുപോയിക്കൊണ്ടിരുന്നു. കൊയ്ത്തുപാട്ടും ഞാറ്റുപാട്ടും എല്ലാം നിലച്ചു. മനുഷ്യരുടെ സങ്കടങ്ങൾ ഏറ്റുവാങ്ങിയിരുന്ന എന്റെ മാറിടം ശൂന്യമായി തവളകൾ കുറഞ്ഞതോടെ കൊതുകുകൾ പെരുകി. അതുപോലെ മനുഷ്യന്റെ അതിമോഹവും... മനുഷ്യർക്ക് എല്ലാ സാധനങ്ങളും മനുഷ്യന്റെ വക്രബുദ്ധിയിൽ യന്ത്രങ്ങളും വരവായി. കട്ടയുടക്കുന്നതിനും ഞാറ്റുനടാനും കൊയ്യാനും എല്ലാം യന്ത്രങ്ങളായി. അതോടെ പുതുതലമുറ മടിയന്മാരായി. അവർക്ക് എന്നെ കുറിച്ചൊന്നും അറിയാതായി. അവരുടെ കണ്ണിൽ ഞാൻ ഉപകാരമില്ലാത്ത പാഴ്സ്ഥലമായി മാറി. അവർ എന്റെ മാറിൽ മണ്ണിട്ടു നികത്തി. ഞാൻ ശ്വാസം മുട്ടി പിടഞ്ഞു. അത് ആരും കണ്ടില്ല. എന്റെ നെഞ്ചിൽ പടുകൂറ്റൻ ബിൽഡിങ്ങുകൾ വന്നു. അത് പ്രകൃതിയെ ചുട്ടു പൊള്ളിച്ചു. ഞാൻ വളരെ അധികം ചുരുങ്ങി നമമാത്രമായി ആർക്കും വേണ്ടാതെ പാഴ്ച്ചെടികൾ വളർന്ന് കിടക്കുന്നു. ഇനിയെങ്കിലും ആ പഴയകാലം വരുമോ? ഇല്ല അല്ലേ?!  കാലവും ശാസ്ത്രവും മാറുകയും വളർന്നുകൊണ്ടിരിക്കുകയുമല്ലേ......



എന്ന്
സ്നേഹത്തോടെ
സ്വന്തം വയൽ

# രണ്ട് കവിതകൾ



## മഴവില്ല്

മഴവില്ലിന് ഏഴഴക്
മനതാരിൽ നിന്നും
മായാത്തൊരഴക്
മയൂരം നാണിക്കുമഴക്
പാട്ടുന്ന കുയിലിനു
പരിഭവം തോന്നുമഴക്
തേനിന്നഴകോ മധുരം
നിൻമേനിക്കഴകോ മനസിൻ താളം
മുല്ലപ്പൂവിനഴക് നൽ മണവും ഗുണവും
കണ്ടാൽ കൊതിച്ചുപോകും നിന്നഴക്
എൻ കണ്ണഴക് നിൻകണ്ണിലെ അഴക്
മഴവല്ലിന് ഏഴഴക്
മനതാരിൽ നിന്നും മായാത്തൊരഴക്



ആയിഷ സി എസ് 4A

## സൗഹൃദം



എന്നുടെ ജീവന്റെ പാതിയായി നീയും
നിന്നുടെ ജീവന്റെ ജീവനായി ഞാനും
നമ്മുടെ സ്നേഹ സൗഹൃദത്തിന്റെ കൂട്ടു
കെട്ടൊരിക്കലും
നിലയ്ക്കുകകയില്ലനിലയ്ക്കയില്ലാ...
പണ്ടന്നൊരുവിച്ച് പൊട്ടിരിച്ചതും
പണ്ടന്നൊരുമിച്ച് ഓടികളിച്ചതും
നമ്മുടെ സ്നേഹ സൗഹൃദത്തിന്റെ
നാളുകൾ മറക്കുകയില്ല നാം
മറക്കുകയില്ലാ...
നമ്മുടെ ജീവിതവസാനം വരെ
ഒരിക്കലും നിലയ്ക്കാത്ത
സ്നേഹസൗഹൃദം...

ആദ്യശ്രീ പി എസ്

# ARTIFICIAL INTELLIGENCE

Muhammed Rihan
9D

Artificial intelligence refers to the intelligence of machines. This is in contrast to the natural intelligence of humans and animals. With artificial intelligence, machines perform functions such as learning, planning, reasoning and problem solving. Most noteworthy, artificial intelligence is the simulation of human intelligence by machines. It is probably the fastest growing development in the world of technology and innovation. Artificial intelligence can certainly make education more efficient. Artificial intelligence technology can discover the needs of students. Then it can adapt according to their needs. Artificial intelligence tutors provide study help to students. Also, Artificial intelligence can automate grading which results in saving a lot of time. Artificial intelligence has applications in various other fields. These fields can be military, law, video games, government, finance, automotive, audit, art etc.. Hence, it’s clear that artificial intelligence has a massive amount of different applications. With artificial intelligence, the future seems intriguing and exciting...




നന്ദി......